# ഭൂമിക്കു വേണ്ടി മണിപ്പൂരിലെ എട്ടു വയസ്സുകാരി

■ ഗോപിക സുരേഷ്

**കാലാവസ്ഥാ വ്യതിയാനം നമ്മുടെ ജീവിതത്തെ ഇപ്പോൾ വല്ലാതെ ബാധിക്കുന്നു. വരും കാലങ്ങളിൽ അത് രൂക്ഷമാകുമെന്ന് ശാസ്ത്രജ്ഞർ പറയുന്നു. അടുത്ത തലമുറയെയാണ് ഇത്തരം വിപത്തുകൾ കൂടുതൽ ബാധിക്കുക. പലരാജ്യങ്ങളിലും പുതുതലമുറക്കാരായ ആക്ടിവിസ്റ്റുകൾ ഉയർന്നുവരുന്നു. സ്വീഡനിലെ ഗ്രേറ്റയെ പോലെ ഐക്യരാഷ്ട്രസഭയിൽ അമേരിക്കൻ പ്രസിഡന്റ് ട്രംപിനെ നേരിട്ടു വിമർശിച്ച ധീരരായ കുട്ടികൾ വരെ അവരിലുണ്ട്. മണിപ്പൂരുകാരിയായ എട്ടുവയസ്സുകാരി ലിസിപ്രിയ കുങ്കുജം ലോക പരിസ്ഥിതി വേദികളിൽ ഭൂമിയുടെ നിലനിൽപ്പിനായി ശബ്ദമുയർത്തിക്കൊണ്ട് എല്ലാവർക്കും മാതൃകയാവുകയാണ്**

ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ കാലാവസ്ഥാ പ്രവർത്തകയാരെന്നറിയുമോ കൂട്ടുകാരേ? ഇന്ത്യയിലെ മണിപ്പൂരുകാരി 8 വയസ്സുകാരി പെൺകുട്ടി ലിസിപ്രിയ കുങ്കുജം. അവളെയാണ് ആരാധനയോടെ ലോകം ‘ഇന്ത്യൻ ഗ്രെറ്റ’ എന്ന് വിളിക്കുന്നത്.

പഠിക്കുന്നത് വെറും മൂന്നാം ക്ലാസ്സിലാണ്. പേടിക്കേണ്ട പ്രായമാണ്, തിരിച്ചറിവില്ലാത്ത പ്രായമാണ് എന്നെല്ലാം മുതിർന്നവർ പറയും. പാഠപുസ്തകത്തിൽ കാലാവസ്ഥ എന്ന് പറഞ്ഞാൽ എന്തെന്നു കൂടി പഠി



ആഫ്രിക്കയിൽ ആകെ മൂവായിരത്തോളം ഭാഷകളുണ്ടെന്നാണ് കണക്ക്




*കുങ്കുജം യുനസ്കോവിന്റെ പ്രസംഗവേദിയിൽ*

ക്കാൻ പ്രായമായിട്ടില്ല. കണക്കിലെ കൂട്ടലും കുറക്കലും കണ്ട് അത്ഭുതപ്പെടേണ്ട പ്രായം. ഓടിക്കളിച്ചു നടക്കേണ്ട പ്രായം.

ഈ പ്രായത്തിലാണ് കുങ്കുജം കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പോരാട്ടത്തിനിറങ്ങി ലോകത്തിനു തന്നെ മാതൃകയായത്. ഈ കൊല്ലം മാഡ്രിഡിൽ നടന്ന കാലാവസ്ഥ ഉച്ചകോടിയിൽ കുങ്കുജവും പങ്കെടുക്കുകയും തന്റെ ആശങ്കകൾ ലോകത്തിനു മുൻപിൽ പങ്കുവെക്കുകയും ചെയ്തിരുന്നു.

ഇതുവരെ 21 രാജ്യങ്ങളിൽ മണിപ്പൂരിൽ നിന്നുള്ള ഈ കൊച്ചു മിടുക്കി കാലാവസ്ഥാ ബോധവൽക്കരണത്തിനു വേണ്ടി സംസാരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിനെതിരെ ഇപ്പോൾ തന്നെ പ്രവർത്തിക്കണമെന്ന് ലോകനേതാക്കളോട് കുങ്കുജം ഉച്ചകോടിയിൽ ആവശ്യപ്പെട്ടു.

ഇതൊക്കെയാണെങ്കിലും നമ്മുടെ കൊച്ചുമിടുക്കി ചെറുപ്പത്തിലേ മുതിർന്നു പോയെന്നു നിങ്ങൾ കരുതല്ലേ... കൊച്ചു കൊച്ചു സ്വപ്നങ്ങളും കുട്ടിക്കളികളുമുള്ള കുട്ടിയാണവൾ. കുങ്കുജത്തിനു വളരുമ്പോൾ ബഹിരാകാശ ശാസ്ത്രജ്ഞയാകാനാണ് ആഗ്രഹം. എന്തിനാണെന്നറിയുമോ? എന്നിട്ട് അവളെയും കൊണ്ട് ചന്ദ്രനിലേക്ക് പോകുന്ന ഒരു റോക്കറ്റ് രൂപകൽപ്പന ചെയ്യണമത്രേ. അവിടെച്ചെന്ന് ഗവേഷണം നടത്തി ചന്ദ്രനെ ഭൂമിയെപ്പോലെയാക്കാൻ ശ്രമിക്കും.

എന്തിനാണ് ചന്ദ്രനെ ഭൂമിയെപ്പോലെ ആക്കേണ്ടത് എന്നൊരു മറുചോദ്യമെറിഞ്ഞാൽ, ആ എട്ടുവയസ്സുകാരിയുടെ ഉത്തരം കേട്ട് നമ്മൾ അത്ഭുതപ്പെട്ടുപോകും. കുങ്കുജം അതിനുത്തരമായി എന്താ പറയുകയെന്നോ? ഭൂമി അധികം വൈകാതെ നശിക്കും. ജനങ്ങൾ ഈ വികാരം ഉൾക്കൊള്ളുന്നില്ല. ഭൂമിയെയും കാലാവസ്ഥയെയും നശിപ്പിക്കുന്ന മനുഷ്യന്റെ പ്രവൃത്തിയോടുള്ള വികാരം ഇതിലും നന്നായി എങ്ങനെ പ്രകടിപ്പിക്കാൻ കഴിയും കൂട്ടുകാരേ...

കുങ്കുജം ഹിന്ദി നന്നായി സംസാരിക്കുമെങ്കിലും പ്രസംഗിക്കുന്നതെല്ലാം ഇംഗ്ലീഷിലാണ്. അവൾക്ക് ആറു വയസ്സുള്ളപ്പോഴാണ് ആദ്യമായി കാലാവസ്ഥക്കു വേണ്ടി ഒരു പൊതുവേദിയിൽ സംസാരിക്കുന്നത്. 2018 ജൂണിൽ മംഗോളിയയിലെ ഉലാൻബത്താറിൽ നടന്ന ഏഷ്യ മിനിസ്റ്റീരിയൽ ദുരന്തസാധ്യ

ലോകത്തിലെ ഏറ്റവും പഴക്കമുള്ള മരുഭൂമി– നീബ് മരുഭൂമി

താനിവാരണ കോൺഫറൻസിൽ ആയിരുന്നു അത്.

കാലാവസ്ഥാ പ്രതിസന്ധിമൂലം ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ ഭീഷണിയെക്കുറിച്ചും ആഗോള സർക്കാറുകൾ ഇതിനെതിരെ ഉണർന്നു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമായിരുന്നു ലിസിപ്രിയ സംസാരിച്ചത്.

ഒരുപാടു കാലമായി കുങ്കുജം കാലാവസ്ഥാ മാറ്റങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടത്തുകയും ബോധവൽക്കരണ പരിപാടികളും റാലികളും സംഘടിപ്പിക്കുകയും പ്രകൃതിദുരന്തത്തിന്റെ ഇരകളെ സഹായിക്കുകയും ചെയ്തുവരുന്നു. ഇതുമാത്രമല്ല, ആഗോള പ്രശ്നങ്ങളിൽ കുട്ടികൾ ശബ്ദമുയർത്തുന്നതിനു വേണ്ടിയുള്ള സന്നദ്ധ പ്രസ്ഥാനമായ 'ദി ചൈൽഡ് മൂവ്മെന്റി'ന്റെ സ്ഥാപക കൂടിയാണ് നമ്മുടെ കൊച്ചുമിടുക്കി കുങ്കുജം. അവളുടെ പ്രവർത്തനത്തിന് പല അംഗീകാരങ്ങളും ലഭിച്ചു. കുട്ടികളുടെ സമാധാനത്തിനുള്ള സമ്മാന ജേതാവായി 2019-ൽ ലോകം അവളെ അംഗീകരിക്കുകയും ചെയ്തു.

കാലാവസ്ഥാ വ്യതിയാനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ശ്രദ്ധ ആകർഷിക്കാൻ ഈ വർഷം ജൂണിൽ കുങ്കുജം പാർലമെന്റ് പരിസരത്ത് കൈയിൽ മുദ്രാവാക്യവുമായി നിലയുറപ്പിച്ചിരുന്നു.

'പ്രിയപ്പെട്ട പ്രധാനമന്ത്രി മോദീ, എംപിമാരേ, കാലാവസ്ഥാ നിയമം പാസ്സാക്കുക, ഞങ്ങളുടെ ഭാവിയെ സംരക്ഷിക്കുക.'

ഇതായിരുന്നു കുങ്കുജത്തിന്റെ കൈയിലെ മുദ്രാവാക്യം.

ഭൂകമ്പം, വെള്ളപ്പൊക്കം, സുനാമി തുടങ്ങിയ പലതരം പ്രകൃതിദുരന്തങ്ങളാൽ ആളുകൾ കഷ്ടപ്പെടുന്നതും മരിക്കുന്നതും കുട്ടികൾക്ക് മാതാപിതാക്കളെ നഷ്ടപ്പെടുന്നതും വീടുകൾ നഷ്ടപ്പെടുന്നതുമൊക്കെ ടിവിയിൽ കാണുമ്പോൾ താൻ കരയാറുണ്ടെന്ന് കുങ്കുജം പറഞ്ഞു. അത്തരത്തിലുള്ള പ്രകൃതിദുരന്തങ്ങൾ ഒഴിവാക്കാനും എല്ലാവർക്കുമായി മെച്ചപ്പെട്ട ഒരു ലോകം സൃഷ്ടിക്കാനും വേണ്ടി നമ്മുടെയെല്ലാം മെയ്യും മനസ്സും ഒന്നുചേർന്ന് പ്രവർത്തിക്കാൻ ഈ കൊച്ചു പെൺകുട്ടി ആഹ്വാനം ചെയ്യുന്നു.

പ്രിയപ്പെട്ട കൂട്ടുകാരേ, നമ്മുടെ കുങ്കുജത്തെ പോലുള്ള കുട്ടികൾ ഉയർന്നുവന്നാൽ മാത്രമേ നല്ലൊരു ഭാവി നമ്മുടെ മുമ്പിലുണ്ടാവുകയുള്ളൂ. കഴിഞ്ഞ രണ്ടുവർഷങ്ങളിലായുള്ള വെള്ളപ്പൊക്കത്തിൽ നമ്മളിൽ പലരും ദുരിതമനുഭവിച്ചില്ലേ? വെള്ളപ്പൊക്കമൊന്നും നമ്മുടെ നാട്ടിലെ ഒരു സ്ഥിരം കാഴ്ചയല്ല. കാലാവസ്ഥാ വ്യതിയാനത്തിന്റെ, മനുഷ്യർ തന്നെ ചെയ്തുകൂട്ടിയതിന്റെ അനന്തര ഫലങ്ങളാണ്.

കുങ്കുജത്തെ പോലെ നമുക്കും ഉണർന്നു പ്രവർത്തിക്കാം. സ്കൂളുകളിൽ ക്ലബ്ബുകൾ ഉണ്ടാക്കാം. നാട്ടിൽ ബോധവത്കരണം നടത്താം. നമ്മെക്കൊണ്ടാവുന്ന കൊച്ചു കൊച്ചു കാര്യങ്ങളിൽ നമുക്കും പങ്കാളികളവാം. കുങ്കുജത്തെ പോലുള്ള ഒരു ഭാവിതലമുറയാണ് നമുക്ക് വേണ്ടത്. വരൂ, കൈകോർക്കാം. ●




**കഥാസാരം**

റോഡിൽ രക്തമൊലിച്ച് കിടക്കുന്ന ഷെപ്പാർ ഗ്രാമത്തിലെ ബാലനെ ശുനക് ഹോസ്പിറ്റലിലെത്തിച്ചു. അവന്റെ കൈയിലുണ്ടായിരുന്ന പേന പ്രൊഫസർ പ്യാരീബാലിന്റേതാണെന്ന് മനസ്സിലായി. ബാലനെയിടിച്ച വണ്ടിയുടെ ഡ്രൈവറേയും പിടികൂടി. പ്രൊഫസർ പ്യാരീബാൽ ഹോസ്പിറ്റലിലെത്തി. പ്രൊഫസറെ കുറിച്ചും അദ്ദേഹത്തിന്റെ അനിയൻ ഗുർമിത് ലാലിനെയും കുറിച്ചവർ അന്വേഷിച്ചു. രണ്ടുപേരും എന്തോ മറച്ചുവെക്കുന്നതായി അവർക്ക് തോന്നി. പ്യാരീബാൽ ഹോസ്പിറ്റലെത്തി ഡി.ജി.പി യോടൊപ്പം കുട്ടിയുമായി സംസാരിച്ചു. അവന്റെ സഹോദരിക്കെന്തോ ആപത്ത് വരാനിരിക്കുന്നുവെന്നാണത്രെ അവൻ പറയുന്നത്. ഷെപ്പാർ ഗ്രാമത്തിൽ പോയി അവളെ രക്ഷിക്കുന്നതിന് വേണ്ടി അവരാദ്യം ലഡാക്കിലേക്ക് പോയി. അവിടെ അവരെ സഹായിക്കാൻ കേണൽ പുട്ടിറ്റോയുണ്ടായിരുന്നു. പുട്ടിറ്റോ ഷെപ്പാറിന്റെ മാപ്പ് കാണിച്ചുകൊടുത്തു. അങ്ങനെ പൂച്ചപ്പോലീസും ശുനകും ഷെപ്പാറിലെത്തി. അവരെ ആരെക്കെയോ പിടിച്ചു കൊണ്ടുപോയി. ഷെപ്പാർ ഗ്രാമവാസികളെ ഭയന്ന് കഴിയുന്ന ജലാജികളായിരുന്നു അവർ. രണ്ടുപേർ വന്ന് കുട്ടിയെ തട്ടിപ്പോയെന്ന് അവർ പറഞ്ഞു. ജഗൻജിത്തും പ്രൊഫസർ പ്യാരീബാലുമാണതെന്ന് ജലാജികൾ ചിത്രം കണ്ട് തിരിച്ചറിഞ്ഞു. ആ ബാലികയെ നദീദേവന് ബലി നൽകാൻ പോവുകയാണെന്ന വിവരം അവർ അറിഞ്ഞു. അവളെ രക്ഷിക്കാൻ പൂച്ചപ്പോലീസും ശുനകും പുറപ്പെട്ടു. അപ്പോൾ ജറൂലികൾ കുറച്ചപ്പുറത്ത് തമ്പടിക്കുന്നത് അവർ കണ്ടു.

**ലോകത്തിൽ ഏറ്റവുമധികം മൽസ്യ വർഗങ്ങളുള്ള തടാകം– മലാവി തടാകം**